ആശുപത്രികൾ തട്ടിയെടുക്കുകയാണ് എന്നാണ് റിപ്പോർട്ട്. ഇതു വിൽപ്പന നടത്തുന്ന ഗൂഢസംഘത്തിനു ഒത്താശ ചെയ്തുകൊടുക്കുകയാണ് എം.പി. ചെയ്തിരിക്കുന്നത് എന്നാണ് ആരോപണം. രാഷ്ട്രീയസ്വാധീനം കൊള്ളസംഘങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. പാവങ്ങൾക്കുവേണ്ടിയുള്ള സഹായം തട്ടിയെടുക്കുന്ന ഈ സംസ്ഥാനത്തിലെ പ്രവർത്തനങ്ങളെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ നടപടികളെടുക്കണം. മാത്രമല്ല, കേന്ദ്രസംസ്ഥാന മന്ത്രിസഭകളെ സ്വാധീനിച്ച് ഒരു സ്വകാര്യാശുപത്രി ഇറക്കുമതി ചെയ്ത ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുടെ സ്കാനിംഗ് യന്ത്രങ്ങളും ഈ തട്ടിപ്പിന്റെ ശൃംഖലയിൽപ്പെടുന്നുണ്ട്. അക്കാര്യം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കാര്യമായി അന്വേഷിച്ച് നടപടിയെടുക്കണമെന്നാൻ ആവശ്യപ്പെടുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇൻഡോ-അമേരിക്കൻ കരാറനുസരിച്ചു അമേരിക്കയിൽനിന്നും കൊച്ചിയിലുള്ള കത്തോലിക്കാ റിലീഫ് സൊസൈറ്റിക്ക് ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുന്നതായി 28-7-1986 ലെ ദേശാഭിമാനി പത്രത്തിൽ വന്ന ഒരു വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൊച്ചിയിലെ ലിസ്സി ആശുപത്രിയിൽ നിന്നു സി.റ്റി. സ്കാനിംഗ് ഉപകരണത്തിനു കസ്റ്റംസ് ഡ്യൂട്ടിയിളവിനുള്ള അപേക്ഷ കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ ജില്ലാകളക്ടറുടേയും ആരോഗ്യഡയറക്ടറുടേയും അന്വേഷണ റിപ്പോർട്ടുകളനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ശുപാർശയോടുകൂടി കേന്ദ്രഗവൺമെന്റിനു അയച്ചുകൊടുത്തു. ഇതേപ്പറ്റി എന്തെങ്കിലും പരാതി സംസ്ഥാന ഗവൺമെന്റിനു ഇതുവരെ ലഭിച്ചിട്ടില്ല. പത്രറിപ്പോർട്ടിൽ ആരോപണം വന്നിട്ടുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്.

V. പ്രസ്താവന

1986 ജൂലായ് 22-ാം തീയതിയിലെ 371-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉപചോദ്യത്തിനുനൽകിയ മറുപടി തിരുത്തൽ

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 22-7-1986-നു 371-ാം നമ്പർ ചോദ്യത്തിനുള്ള ഉപചോദ്യങ്ങൾക്കു ഞാൻ മറുപടി പറയവേ ഐ.ഡി.സി.ഐ. ലോൺ തരുന്നത് ബോഡിയോടുകൂടിയ ചെയിസുകൾ വാങ്ങുവാനാണ്, ചെയിസുകൾ വാങ്ങുവാനല്ല എന്നു ഈ സഭയിൽ പറയുകയും, എന്റെ പക്കൽ അപ്പോഴുള്ള വിവരം വച്ചാണ് പറയുന്നതെന്നും വിശദാംശങ്ങൾ ശേഖരിച്ച പിന്നീട് ഒരു പ്രസ്താവന ചെയ്യാമെന്നു സമ്മതിക്കുകയും ഇപ്പോൾ ബഹുമാനപ്പെട്ട ചെയറിൽ നിന്നു അനുവാദം ലഭിക്കുകയും, ചെയ്തിട്ടുള്ളതിനാൽ താഴെ പറയുന്ന വസ്തുതകൾ പ്രസ്താവിച്ചുകൊള്ളട്ടെ.

കെ.എസ്.ആർ.ടി.സി.ക്ക് ഐ.ഡി.ബി.ഐ. യിൽ നിന്നു ബോഡിയോടുകൂടിയ ബസ്സുകൾ വാങ്ങുന്നതിനും ചെയിസിസുകൾ വാങ്ങുന്നതിനും വായ്പാസൗകര്യം ലഭ്യമാണ്. 1984-85-ൽ 190 ബോഡി

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിയ ബസ്സുകളും അശോക് ലെയ്ലാൻഡിൽനിന്നും, അശോക് ലെയ്ലാൻഡിൽനിന്നു 23 ചെയിസിസുകളും വാങ്ങി പല്ലവൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബോഡി കെട്ടിയും, അശോക് ലെയ്ലാൻഡിൽ നിന്നുതന്നെ 20 ചെയിസിസുകളും വാങ്ങി ചേരൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബോഡി കെട്ടിയും കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 1985–86–ൽ അശോക് ലെയ്ലാൻഡിൽനിന്ന് ബോഡി കെട്ടിയ 63 ബസ്സുകളും വാങ്ങിയിട്ടുണ്ട്. ആ സീരിയലിലെ 35 ബസ്സുകളും അടുത്ത കാലത്തു കെ.എസ്.ആർ.ടി.സി. യിൽ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം കെ.എസ്.ആർ.ടി.സി. യുടെ പാപ്പനംകോട് വർക്കുഷോപ്പിൽ 1984–85–ൽ 99 ചെയിസിസുകൾക്കും 1985–86–ൽ 43 ചെയിസിസുകൾക്കും ബസ് ബോഡി നിർമ്മിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മിക്കാനായി വരുന്ന ചെലവ് ഐ.ഡി.ബി.ഐ. വായ്പയായി തരുന്നില്ല. പ്രസ്തുത ചെലവ് കെ.എസ്.ആർ.ടി.സി. മറ്റ് ധനാഗമമാർഗ്ഗങ്ങളിലൂടെ സ്വരൂപിക്കുന്നതാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് സംസ്ഥാനത്തിന് പുറത്തുള്ള തമിഴ്നാട്ടിലെ ആർ.ടി.സി. സ്ഥാപനങ്ങളേയും അശോക് ലെയ്ലാൻഡിനേയും ആശ്രയിച്ചു ബോഡി കെട്ടിയ ബസ്സുകൾ കൂടുതൽ സമ്പാദിക്കുവാൻ കെ.എസ്.ആർ.ടി.സി. നിർബന്ധിതമായത്. അതോടൊപ്പം കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിന്റെ എഫിഷ്യൻസി പൂർണ്ണമായും റോഡ് ഓഫ് ആയിക്കിടക്കുന്ന ബസ്സുകൾ റിപ്പെയർ ചെയ്യുന്നതിനും ധനാഗമമാർഗ്ഗങ്ങൾക്കനുസരിച്ചു ടയർ തുടങ്ങിയ സ്പെയർപാർട്ടുകൾ വാങ്ങി ഉപയോഗപ്പെടുത്തുന്നതിനും ഉപയോഗിക്കുകയാണ്. ബോഡി നിർമ്മാണത്തെ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് ടി.വി. എസ്സുമായി യാതൊരുവിധ ബന്ധവുമില്ല. ആയത് അശോക് ലെയ്ലാൻഡ് കമ്പനിയും കെ.എസ്.ആർ.ടി.സി. യുമായി മാത്രമാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാൻ നാളത്തെ ചോദ്യോത്തരവേളയിൽ അവസാനത്തെ 5 മിനിട്ട് അനുവദിക്കുന്നതാണ്.

VI. റിപ്പോർട്ടുസമർപ്പണം

1. 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

Shri P. C. George: Sir, on behalf of the Chairman, I present the report of the Subject Committee X on the Payment of Salaries and Allowances (Amendment) Bill, 1936 as reported by the Subject Committee.

2. 1984–85, 1985–86 എന്നീ വർഷങ്ങളിലെ ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, കൃഷിവകുപ്പു മന്ത്രിയും ഒന്നാം സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly